പതിമൂന്നാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 2251 08.12.2015-ൽ മറുപടിയ്ക്ക്

## വൈദ്യുതി ബോർഡുകളുടെ കടബാദ്ധ്യത.

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ഡോ. ടി. എം. തോമസ് ഐസക് :<br>ഡോ. കെ. ടി. ജലീൽ :<br>ശ്രീ. കെ. വി. വിജയദാസ് :<br>ശ്രീ. വി. ശിവൻകുട്ടി : | | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജ വകുപ്പു മന്ത്രി) |
| (എ) | വൈദ്യുതി ബോർഡുകളുടെ കടബാദ്ധ്യത സംസ്ഥാന സർക്കാർ ഏറ്റെടുക്കുന്നതിന് കേന്ദ്ര സർക്കാർ പദ്ധതി മുന്നോട്ടു വച്ചിട്ടുണ്ടോ ; | (എ) | വൈദ്യുതി ബോർഡുകളുടെ കടബാധ്യത സംസ്ഥാന സർക്കാർ ഏറ്റെടുക്കുന്നതിന് " ഉജ്ജ്വൽ ഡിസ്കോം അഷ്വറൻസ് യോജന " (UDAY) എന്ന പദ്ധതി 20.11.2015-ൽ കേന്ദ്രസർക്കാർ പ്രസിദ്ധീകരിച്ചിട്ടുണ്ട്. |
| (ബി) | ഈ പദ്ധതി പ്രകാരം വൈദ്യുതി മേഖലയിൽ കേന്ദ്ര സഹായം പ്രഖ്യാപിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഇതിലെ വ്യവസ്ഥകൾ എന്തെല്ലാമാണ് ; | (ബി) | ഉദയ് പദ്ധതി സംസ്ഥാന സർക്കാർ അംഗീകരിക്കുകയാണെങ്കിൽ 'DDUGJY' മുതലായ കേന്ദ്ര പദ്ധതികൾക്ക് കേന്ദ്രസർക്കാരിൽ നിന്നും additional /priority funding ലഭിക്കുന്നതാണ്. പ്രസ്തുത പദ്ധതി പ്രകാരം വൈദ്യുതി വിതരണ കമ്പനിയുടെ 75 ശതമാനം നഷ്ടം സംസ്ഥാന സർക്കാർ ഏറ്റെടുക്കേണ്ടതാണ്. വിതരണക്കമ്പനികളുടെ റവന്യൂഗ്യാപ്പ് കുറയ്ക്കുക, AT&C Loss കുറയ്ക്കുക എന്നിവ ഈ പദ്ധതിയുടെ ലക്ഷ്യങ്ങളാണ്. പ്രസ്തുത പദ്ധതിയിൽ പങ്കുചേരുന്നതിന് കേന്ദ്ര ഊർജ്ജമന്ത്രാലയവും സംസ്ഥാന സർക്കാരും വിതരണക്കമ്പനിയുമായി കരാറിൽ ഏർപ്പെടേണ്ടതാണ്. |
| (സി) | ഇക്കാര്യത്തിൽ സംസ്ഥാന സർക്കാരിന്റെ നിലപാട് വ്യക്തമാക്കുമോ ? | (സി) | ഉദയ് പദ്ധതി സംബന്ധിച്ച 20-11-2015-ലെ കേന്ദ്ര സർക്കാർ വിജ്ഞാപന പ്രകാരമുള്ള വ്യവസ്ഥകൾ സർക്കാർ പരിശോധിച്ചു വരുന്നതേയുള്ളൂ. |

സെക്ഷൻ ഓഫീസർ.